# സമ്പത്ത്:
# ഖുർആന്റെ സമീപനം

jthrees@hotmail.com

## പഠനം

ധനത്തെ സംബന്ധിച്ച പഠനം ഇന്നും അപൂർണമാണ്. പ്രത്യേകിച്ച് അതിന്റെ പലിശയുമായുള്ള അതിന്റെ ബന്ധം, ബാങ്കിംഗ്, ധനാർജന മാർഗങ്ങൾ, ഇൻഷൂറൻസ് പോലുള്ള കാര്യങ്ങൾ ഇന്നും പണ്ഡിത ചർച്ചകളിലാണ്. അതനുസരിച്ച് ഈ പഠനവിഷയത്തെ പ്രധാനമായും രണ്ട് ഭാഗമാക്കി തിരിക്കുകയാണ്. ഒന്ന്, ധനം, അതിന്റെ ക്രയവിക്രയങ്ങളിലെ മൗലികസ്വഭാവം, നിയമവിഷയങ്ങൾ, സാമൂഹിക ബാധ്യതകൾ എന്നിവയെ കൈകാര്യം ചെയ്യുന്നു. രണ്ട്, ധനവും ധനാർജന മാർഗങ്ങളും, അതിന്റെ ഇതര മേഖലകൾ, പോംവഴികൾ, നിയമവിഷയങ്ങൾ, നിക്ഷേപം, വിനിമയം, വിഭവവിതരണം, ഷെയർമാർക്കറ്റിംഗ്, റിയൽഎസ്റ്റേറ്റ് തുടങ്ങിയ വിഷയങ്ങളെ പ്രതിപാദിക്കുന്നു. ഈ പഠനം ഒന്നാം ഘട്ടത്തെയാണ് പ്രധാനമായും വിശകലനം ചെയ്യുന്നത്.

## എന്താണ് ധനം

മനുഷ്യരുടെ നിലനില്പിനുള്ള ഉപാധിയായി ഏകദൈവം നല്കിയ ഭൗതിക വിഭവങ്ങളാകുന്നു ധനം. അതിന്റെ അവകാശി ഏകദൈവമാകുന്നു. ഖുർആൻ പറഞ്ഞു: *ആകാശഭൂമികളിലുള്ളതും അവയ്ക്കിടയിലുള്ളതും മണ്ണിനടിയിലുള്ളതുമെല്ലാം അവന്റേതാകുന്നു."* മനുഷ്യനാകട്ടെ, അവന്റെ അനുമതിപ്രകാരം അത് കൈകാര്യം ചെയ്യേണ്ട കൈകാര്യക്കാരൻ മാത്രമാകുന്നു. ഇതത്രെ ധനത്തിന്റെ ഉടമസ്ഥതയെ സംബന്ധിച്ച ഖുർആന്റെ വിലയിരുത്തൽ. "പൊതുജനത്തിന് ഉപകാരപ്പെടുന്ന സമ്പത്ത്" എന്നതാണ് ധനത്തെ സംബന്ധിച്ച ഖുർആന്റെ കാഴ്ചപ്പാട്. അതൊരിക്കലും സ്വകാര്യമായി കെട്ടിപ്പൂട്ടി വെക്കാൻ പാടില്ല.

## ഉടമസ്ഥാവകാശം

ഖുർആനിക വ്യവസ്ഥ വ്യക്തിക്ക് തങ്ങളുടെ വസ്തുവകകളിന്മേൽ ഉടമാവകാശം നല്കിയിട്ടുണ്ടെന്നത് ശരിയാണ്. എന്നാൽ ആ ഉടമാവകാശം നിരുപാധികമോ അനിയന്ത്രിതമോ അല്ല. ശരിയായ മാർഗേണ ഉപയോഗപ്പെടുത്താൻ അർഹതയില്ലാത്തവരോ തങ്ങളുടെ സ്വതന്ത്രമായ ഉപയോഗം കൊണ്ട് സാമൂഹികവ്യവസ്ഥക്ക് കോട്ടം വരുത്തുന്നവരോ ആയ വ്യക്തികളിൽനിന്ന് പ്രസ്തുത ഉടമാവകാശം പിടിച്ചെടുക്കാവുന്നതാണ്. ഉടമാവകാശത്തിന്റെ സ്വതന്ത്രമായ ഉപയോഗത്തെ മനുഷ്യന്റെ സദാചാരവും നാഗരികവും സാമൂഹികവും സാമ്പത്തികവുമായ ഭദ്രതക്ക് ഹാനികരമാകുന്നേടത്ത് നിയന്ത്രിക്കേണ്ടതാകുന്നു.

സമ്പത്തിന്മേലുള്ള മനുഷ്യന്റെ ഉടമസ്ഥാവകാശം താല്ക്കാലികമാകുന്നു. അവന്റെ മരണത്തോടെ അതുമായുള്ള അവന്റെ ബന്ധം അറ്റുപോകുന്നു. അതിനാൽ സത്യസന്ധവും മാനുഷികവും കാരുണ്യവും സഹാനുകമ്പയും മുറ്റിനില്ക്കുന്ന സമീപനമാണ് സാമ്പത്തികമായ വിഷയങ്ങളിൽ ജനങ്ങളുമായി ഇടപഴകുമ്പോൾ സ്വീകരിക്കേണ്ടതെന്ന് ഖുർആൻ കല്പിച്ചു.

## മാനുഷികത

മനുഷ്യന് തന്റെ ഏത് ഇനത്തിൽ പെട്ട ധനത്തിന്മേലുമുള്ള ഉടമസ്ഥാവകാശം സമൂഹം അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യണമെന്ന് ഖുർആൻ ശക്തിയായി

ഉണർത്തുന്നു. അതിന്മേൽ ഒരുവിധത്തിലും അന്യായമായി കൈവെക്കാൻ പാടില്ലാത്തതാകുന്നു. ഖുർആൻ പറഞ്ഞു:
*"നിങ്ങളുടെ ധനം നിങ്ങൾ അന്യോന്യം അന്യായമായി ഭുജിക്കരുത്. മനഃപൂർവം തെറ്റായ രീതിയിലൂടെ അന്യരുടെ ധനത്തിൽനിന്നൊരു ഭാഗം അനുഭവിക്കുന്നതിനു വേണ്ടി നിങ്ങൾ അതുമായി ഭരണാധികാരികളെ സമീപിക്കുകയുമരുത്."* (അൽബഖറ: 188).

## പ്രയോജനം

ജീവിതം നിലനിറുത്തുന്നതുപോലെത്തന്നെ ജനോപകാരപ്രദമായ കാര്യങ്ങളിൽ ഏർപ്പെടുവാനും സമ്പത്ത് ആവശ്യമാണ്. അതിലൂടെയാണ് പുണ്യം കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂ. അതേയവസരം സന്താനങ്ങൾ മറ്റുള്ളവരുടെ മുമ്പിൽ കൈനീട്ടാൻ അവസരം ഉണ്ടാക്കാതെ അവരെ ഐശ്വര്യമായ അവസ്ഥയിലാക്കുക എന്ന അനുശാസനം നിറവേറ്റുവാനും സമ്പത്ത് ആർജിക്കുക തന്നെ വേണം. അതോടൊപ്പം അഗതി സംരക്ഷണം, ദാനധർമം, കുടുംബ ബന്ധം ചേർക്കൽ പോലുള്ള പുണ്യകർമങ്ങളും സാമ്പത്തിക സ്ഥിതിയെ ആശ്രയിച്ചു തന്നെയാണ് നില്ക്കുന്നത്.

## സാമൂഹിക ബാധ്യതകൾ

ധനം ആർജിക്കുവാനും സൂക്ഷിക്കുവാനും അവകാശം നല്കിയതുപോലെ ധനത്തിൽ ചില ബാധ്യതകളും ഖുർആൻ ചുമത്തുകയുണ്ടായി. *"ആവശ്യക്കാർക്കും ചോദിച്ചു വരുന്നവർക്കും തീർച്ചയായും അതിൽ അവകാശമുണ്ട്."* കാരണം, അതിന്റെ പൊതു ഉടമ ഏകദൈവമായതിനാൽ അവൻ കാംക്ഷിക്കുന്ന പൊതു താല്പര്യങ്ങൾക്ക് സമ്പത്ത് വിനിയോഗിക്കാൻ മനുഷ്യൻ നിർബന്ധിതനാണ്. ഇത് ഖുർആന്റെ വീക്ഷണമാകുന്നു.

ഭൗതിക സാമ്പത്തികവ്യവസ്ഥകളുടെ കാഴ്ചപ്പാടിൽ സമൂലപരിവർത്തനം വരുത്താൻ കരുത്താർന്നതാണ് ഖുർആന്റെ സാമ്പത്തികവീക്ഷണം. അവിടെ മാത്രമല്ല അത് പരിവർത്തനം സൃഷ്ടിക്കുന്നത്, ചിന്തയിലും കർമങ്ങളിലും ആശയങ്ങളിലുമെല്ലാം അത് പരിവർത്തനം അനിവാര്യമാക്കിത്തീർക്കുന്നു. ഖുർആൻ പറഞ്ഞു: *"നിങ്ങളെ പ്രതിനിധികളാക്കിയ ധനത്തിൽനിന്ന് നിങ്ങൾ ചെലവഴിക്കുവിൻ."*

കൂട്ടത്തിൽ സൂചിപ്പിക്കേണ്ടതാണ് സകാത്ത്വ്യവസ്ഥ. സമൂഹത്തിൽനിന്ന് ദാരിദ്ര്യം നീങ്ങുകയും വ്യക്തികൾ സ്വയംപര്യാപ്തി കൈവരിക്കുകയും ചെയ്യുകയത്രെ ഖുർആനിക വീക്ഷണത്തിൽ അതിന്റെ ദാനധർമങ്ങളുടെയൊക്കെ അടിസ്ഥാനം. ഖുർആന്റെ ജീവിതവ്യവസ്ഥ മാത്രമാണ് ഇത്തരം ഉന്നതമായ ഒരു പദ്ധതി ലോകത്തിന് സമർപ്പിക്കുന്നത്. അത് പറഞ്ഞു:

*"നിങ്ങൾ പശ്ചിമ ദിക്കിലേക്കോ പൂർവ ദിക്കിലേക്കോ മുഖം തിരിക്കലല്ല പുണ്യം, മനുഷ്യൻ അല്ലാഹുവിലും അന്ത്യദിനത്തിലും മലക്കുകളിലും വേദത്തിലും പ്രവാചകന്മാരിലും വിശ്വസിക്കുകയും അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ പേരിൽ തന്റെ പ്രിയപ്പെട്ട ധനം ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും യാത്രക്കാർക്കും സഹായമർഥിക്കുന്നവർക്കും അടിമകളെ മോചിപ്പിക്കുന്നതിനും ചെലവഴിക്കുകയും നമസ്കാരം മുറപ്രകാരം നിലനിറുത്തുകയും സകാത്ത് നല്കുകയുമാകുന്നു പുണ്യം."* (ഖുർആൻ 2: 177)

## സമ്പത്ത് ആർജിക്കൽ

സമ്പത്ത് ആർജിക്കുന്നതിലും വിനിയോഗിക്കുന്നതിലും തീർത്തും ഉന്നതമായ സംസ്കാരം മുറുകെ പിടിക്കാൻ ഖുർആൻ ആവശ്യപ്പെടുന്നു. ഹലാൽ(അനുവദനീയം), ഹറാം (നിഷിദ്ധം) എന്നീ രണ്ട് കനത്ത സുരക്ഷാമേഖലകൾ അത് മനുഷ്യജീവിത വ്യവഹാരങ്ങൾക്കു മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്. അതിലൂടെ വേണം ധനാർജനത്തിന്റെയും വ്യവഹാരത്തിന്റെയും മേഖലകളിലേക്ക് തിരിയാൻ. ഇത് മുതലാളിത്ത ദർശനത്തിൽനിന്നും തീർത്തും ഭിന്നമാണ്. മാർക്കറ്റ്എക്കോണമി എന്നത് മുതലാളിത്ത വ്യവസ്ഥയുടെ ആത്മാവാണ്. സാമ്പത്തിക ഉല്പാദനപ്രക്രിയയിലെ മധ്യവർത്തിമാത്രമാകുന്നു മനുഷ്യൻ.

സമ്പത്തും വിഭവസമാർജനവും അതിൻെറ പ്രധാന ജീവിതലക്ഷ്യമാണ്. നിക്ഷേപം, സാമ്പത്തിക വളർച്ച, മൂലധനം, വിനിമയം, വിഭവവിതരണം എന്നിവയിലൊക്കെ തികച്ചും സ്വാർഥപരമായ കാഴ്ചപ്പാടാണ് അവയ്ക്കുള്ളത്. മനുഷ്യൻ സ്വാർഥിയാകുമ്പോൾ മാത്രമേ സമൂഹം വളരുകയുള്ളൂ എന്നതാണ് ഈ സമീപനത്തിന് ആദാരം.

## തൊഴിൽ

അധ്വാനമാണ് ധനാർജനത്തിൻെറ വഴി. കേവലം ധനം വർധിപ്പിക്കുന്നതിനായി അധ്വാനിക്കുകയല്ല, സ്വന്തത്തിൻെറയും കുടുംബത്തിൻെറയും ആവശ്യങ്ങളിൽ സ്വയം പര്യാപ്തി നേടുന്നതോടൊപ്പം മറ്റുള്ളവരെ സഹായിക്കാൻ കൂടിയാകണം അത്. നിനക്ക് നല്കിയ വിഭവങ്ങൾ മൂഖേന നീ നിൻെറ പാരത്രികഗേഹം പണിയുകയെന്ന് ഖുർആൻ ആവശ്യപ്പെട്ടത് അതിനാലാണ്.

തൊഴിലിന് ഉയർന്ന പരിഗണനയാണ് ഖുർആൻ നല്കിയിട്ടുള്ളത്. ദൈവികമാർഗത്തിലെ പോരാളിയെപ്പോലെ ജീവസന്ധാരണത്തിന് വേലയെടുക്കുന്നവനും അനുഗൃഹീതനാണ്.

തൊഴിൽരഹിത സമൂഹങ്ങളിൽ കുറ്റകൃത്യങ്ങളുടെ തോത് കൂടുതലാണ്. നിശ്ചയദാർഢ്യമോ ഭാവിയെ സംബന്ധിച്ച പദ്ധതികളോ അവരിൽ കാണില്ല. പരാശ്രയത്തിൽ നിന്ന് സ്വാശ്രയത്വത്തിലേക്ക് കരകയറാൻ ഇത്തരക്കാർക്ക് സാധിക്കില്ല. മറ്റുള്ളവരോട് അസൂയയും പകയും അത്തരക്കാരുടെ മനസ്സിൽ രൂഢമൂലമായിരിക്കും.

എല്ലാ തൊഴിലുകൾക്കും അതിൻെറതായ മാന്യതയും മഹത്വവുമുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. പ്രവാചകൻ മുഹമ്മദ്(സ) ഇങ്ങനെ പഠിപ്പിക്കുകയുണ്ടായി: "നിങ്ങളിൽ ഒരാൾ കയറെടുത്തുപോയി വിറക് കെട്ടി ചുമലിലേറ്റി കൊണ്ടുവന്ന് വിറ്റ് അതുവഴി അല്ലാഹു അയാളുടെ മുഖം അപമാനത്തിൽനിന്ന് രക്ഷിക്കുന്നതാണ്, ആളാകളോട് യാചിച്ച് കിട്ടുകയോ കിട്ടാതിരിക്കുകയോ ചെയ്യുന്നതിനെക്കാൾ ഉത്തമം."

സ്വാശ്രയമാണ് ഏതർഥത്തിലും അഭികാമ്യം. തൊഴിലെടുക്കാനുള്ള ആരോഗ്യവും സമയവും ഏകദൈവത്തിൻെറ വലിയ അനുഗ്രഹമാണ്. അവൻ പറഞ്ഞു:

*"പകലിനെ അവൻ ജീവസന്ധാരണ വേളയാക്കുകയും ചെയ്തിരിക്കുന്നു."*

*"നാം നിങ്ങളെ ഭൂമിയിൽ അധികാരത്തോടു കൂടി വസിപ്പിക്കുകയും അതിൽ ജീവിത വിഭവങ്ങള ഒരുക്കിത്തരികയു ചെയ്തു. പക്ഷേ, നിങ്ങൾ തുഛമായേ നന്ദി കാണിക്കു ന്നുള്ളൂ."*

ഈ രണ്ട് അനുഗ്രഹങ്ങളും - സമയവും ആരോഗ്യവും - പാഴാക്കുന്നത് ദൈവത്തിങ്കൽ ഏറെ ഗുരുതരമാണ്. തീർച്ചയായും അത് എങ്ങനെ നേടി, ഏത് മാർഗത്തിൽ ചെലവഴിച്ചു എന്ന് ദൈവം വ്യക്തികളോട് വിലയിരുത്തുമെന്ന് പ്രവാചകൻ പഠിപ്പിക്കുകയുണ്ടായി. മനുഷ്യൻെറ സമയം ക്രിയാത്മകമാകണം എന്നുതന്നെയാണ് ഖുർആൻ പഠിപ്പിക്കുന്നത്.

## സാമ്പത്തിക വികസനം

സാമ്പത്തിക പുരോഗതിക്ക് ഇതര പ്രത്യയശാസ്ത്രങ്ങൾ അവയുടെ ദർശനത്തിനനുസരിച്ച നയങ്ങൾ ലോകത്തിനു മേൽ കെട്ടിയേല്പിക്കുമ്പോൾ ഖുർആൻ അതിൻെറ ഉന്നതമായ മൂല്യങ്ങൾ ലോകത്തിനു മുമ്പിൽ ഉയർത്തിപ്പിടിക്കുന്നു.

സാമ്പത്തിക വികസനം ഒരു നാഗരികപ്രക്രിയയാണ്. മനുഷ്യവർഗത്തിൻെറ ക്ഷേമവും വളർച്ചയുമാണതുകൊണ്ട് ലക്ഷ്യമാക്കുന്നത്. മനുഷ്യപുരോഗതി, അവൻെറ സ്വാതന്ത്ര്യം, അവൻെറ നാഗരികമായ വളർച്ച, വികസനം തുടങ്ങിയവയൊക്കെ അതിൻെറ ലക്ഷ്യങ്ങളാണ്. "സ്വയം പര്യാപ്തമായ അവസ്ഥയിലേക്ക് മനുഷ്യൻെറ വളർച്ച"- ഇതത്രെ അതിൻെറ ആകത്തുക. അതിനായി സമൂഹത്തിന് ഉപകാരപ്പെടുന്ന സകല സാമ്പത്തികസ്രോതസ്സുകളും കണ്ടെത്തുവാനും വികസിപ്പിച്ചെടുക്കാനും ഖുർആൻ ഉദ്ബോധിപ്പിക്കുന്നു. ഈ വികസനമാണ് നാഗരികവും സാംസ്കാരികവുമായ സാമൂഹികവളർ

ച്ചയുടെ അടിസ്ഥാനം. അവയ്ക്കു മുമ്പിൽ പുറമെനിന്നുള്ള ഇടപെടൽ ഖുർആൻ അനുവദിക്കുന്നില്ല. കാരണം, ഖുർആനിന് ഒരു പ്രാപഞ്ചികവീക്ഷണവും നയനിലപാടുകളുമുണ്ട്. അതാണ് ലോകത്തിനു മുമ്പിൽ തലയുയർത്തി നില്ക്കാനും സമർപ്പിക്കാനുമുള്ള അതിൻെറ ആയുധം.

സ്വന്തം ആവശ്യങ്ങൾക്കു വേണ്ടി അധ്വാനിക്കുക, ആവശ്യങ്ങൾ കണ്ടെത്തുക, ഉല്പാദനത്തിലേർപ്പെടുക, അന്യാശ്രയം ഒഴിവാക്കുക. കാരണം, മരുന്നും വസ്ത്രവും ഇറക്കുമതി ചെയ്യുമ്പോൾ ഭൗതികമായ ആ പദാർഥങ്ങൾ മാത്രമല്ല ഇറക്കുമതി ചെയ്യപ്പെടുക, തൻെറ മൂല്യവത്തായ സംസ്കാരത്തിനു പകരം മറ്റൊരു സംസ്കാരവും അണിയേണ്ട ഗതികേട് മനുഷ്യർക്ക് നേരിടും.

## ഉല്പാദനവും ഉപഭോഗവും

സാമൂഹികാടിത്തറയുടെ അടിസ്ഥാനം എല്ലാവർക്കും ജീവിക്കാൻ ആവശ്യമായ വിഭവങ്ങൾ ഉണ്ടാക്കുകയെന്നതാണ്. മാനസികവും സാങ്കേതികവും ശാരീരികവുമായ സകല ഉപാധികളും പൂർണാർഥത്തിൽ ഉപയോഗപ്പെടുത്തിയെങ്കിൽ മാത്രമേ ഉല്പാദനവും ഉപഭോഗവും ഒരുമിച്ചു നടക്കുകയുള്ളൂ. പദ്ധതികൾ ആവിഷ്കരിക്കുന്നതിലും ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിലുമാണ് ലക്ഷ്യം നേടാൻ സാധിക്കുക. ഖുർആൻ മുന്നോട്ട് വെച്ച സകാത്ത്വ്യവസ്ഥ ഈ രീതിയെ സാധൂകരിക്കുന്നു. വ്യക്തിയുടെയും സമൂഹത്തിൻെറയും ശേഷി വളരുകയും ചലനാത്മകമാവുകയും ചെയ്യുകയെന്നതാണ് അതിൻെറ അടിസ്ഥാനം.

ഖുർആൻെറ ജീവിതവ്യവസ്ഥ പ്രകാരം ഒരു സമൂഹത്തിൻെറ വളർച്ച, ഉപഭോഗത്തെക്കാൾ കൂടിയ ഉല്പാദനം എന്ന തത്വത്തിൽ അധിഷ്ഠിതമാണ്. ഈ നിലയിൽ മിച്ചം വരുന്ന ധനം സമൂഹത്തെ ഉദ്ധരിക്കാനും അവശ്യസമയത്ത് സ്വയംപര്യാപ്തി കൈവരിക്കാനും ഉപകരിക്കും.

## കൃഷി

ഈ കൂട്ടത്തിൽ എടുത്തുപറയേണ്ട ഒന്നാണ് കൃഷി. ജീവൻെറ നില്നില്പിനും മനുഷ്യരുടെ ആഹാരത്തിനുമായി കൃഷിയിൽ ഏർപ്പെടണമെന്നാണ് ദൈവത്തിങ്കൽനിന്ന് മനുഷ്യന് ലഭിച്ച നിർദ്ദേശം. ഖുർആനിൽ പല സ്ഥലങ്ങളിലും കൃഷിയെ സംബന്ധിച്ച പരമാർശം വന്നിട്ടുണ്ട്. പ്രവാചകൻ(സ)യും അതെ സംബന്ധിച്ച് ഉദ്ബോധിപ്പിക്കുകയുണ്ടായി.

മരം വെച്ചു പിടിപ്പിക്കുക പ്രവാചകൻ ഏറെ പ്രോത്സാഹിപ്പിച്ച ഉപകാരപ്രദമായ കാര്യമാണ്. കൃഷിയോളം മനുഷ്യജീവിതത്തിന് ഉപകരിക്കുന്ന മറ്റൊരു സംഗതിയും ഈ ഭൂമിയിലില്ല. പരിസ്ഥിതി സംരക്ഷണം, തണൽ, കാലാവസ്ഥ, മണ്ണുസംരക്ഷണം, മനോഹാരിത, തുടങ്ങി ഒട്ടേറെ കാര്യങ്ങൾ അവയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്.

എന്നാൽ കൃഷി അനാദായകരമാണെന്നാണ് നമ്മുടെ കണക്കുകൂട്ടൽ. അതിന് ചെലവഴിക്കേണ്ട മനുഷ്യശേഷിയാകട്ടെ നിഷ്ക്രിയമായിപ്പോവുകയും ചെയ്യുന്നു. അക്കാര്യം നാം പരിഗണിക്കാറില്ല. ആഗോളവത്ക്കരണത്തെ സംബന്ധിച്ച് വാചാലരാകുമ്പോൾ സ്വാശ്രയത്വത്തിനായി ചെയ്യേണ്ട കാര്യങ്ങളിൽ വിമുഖത പ്രകടിപ്പിക്കുന്നതിൽ നമുക്ക് ഒട്ടും പരിഭവമില്ല. ആഡംബരസൗധങ്ങൾ ഉയർത്തുന്നതിന് കൃഷിഭൂമി നികത്തുന്നതിലുമില്ല ഒട്ടും പ്രയാസം. അധ്വാനശേഷി മറ്റു രംഗങ്ങളിൽ വ്യാപരിച്ചതിനാൽ ആളുകളില്ലാതെ എത്രയേറെ സ്ഥലം നമുക്ക് കൃഷിരഹിതവും ഊഷരവുമായി നഷ്ടമാകുന്നുണ്ട്.

തങ്ങളുടെ നിലങ്ങളിൽ കൃഷിയിറക്കാൻ ഓരോ സമൂഹവും ബാധ്യസ്ഥരാണ്. അഥവാ അവർ തരിശായി വിടുന്ന സ്ഥലം പിടിച്ചെടുത്ത് കൃഷിയോഗ്യമാക്കുന്നവർക്കുള്ളതാണ് അത് എന്ന് പ്രവാചകൻ പഠിപ്പിച്ചു. എന്നു പറഞ്ഞാൽ സ്വയം പര്യാപ്തി കൈവരുന്നതുവരെ അല്ലെങ്കിൽ തൻെറ ജീവസന്ധാരണത്തിന് വഴി കണ്ടെത്തും വരെ

ഭൂമിയുള്ളവൻ കൃഷിയിലേർപ്പെടൽ അനിവാര്യമാണ്. അവന്റെ കാര്യത്തിനപ്പുറം അവനെ ആശ്രയിച്ചുനില്ക്കുന്ന സമൂഹവും അതിനപ്പുറം ഭൂമിയിലെ ജീവജാലങ്ങളും അതിന്റെ അവകാശികൾ തന്നെയാണ്. കൃഷിയിലേർപ്പെടാതെ ആവശ്യമായ ഭക്ഷ്യവിഭവങ്ങൾ ഇറക്കുമതി ചെയ്യുന്നത് അഭിലഷണീയമല്ല. അത്തരം ഘട്ടങ്ങളിൽ ആളുകളെ കൃഷിയിലേർപ്പെടാൻ ഭരണകൂടം നിർബന്ധിക്കണം. ഭരണകൂടം നേരിട്ടാണ് അത് നിർവഹിക്കുന്നതെങ്കിൽ "തൊഴിലിന് പകരം കൂലി" എന്ന വ്യവസ്ഥയിൽ മനുഷ്യശേഷി ഉപയോഗപ്പെടുത്താൻ ഭരണകൂടത്തിന് അധികാരമുണ്ട്. അതായത്, രാജ്യത്തിന്റെ ഭക്ഷ്യാവശ്യം പരിഗണിച്ച് കാർഷികനയം ആവിഷ്കരിക്കുകയും അത് കർശനമായി പാലിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

ഭക്ഷ്യവിഭവം കമ്മിയാവുകയും ജനസംഖ്യ ക്രമാതീതമായി പെരുകുയും ചെയ്യുമ്പോൾ ഭൂമി കൃഷിയോഗ്യമാക്കാതിരിക്കുന്നത് കാർഷികവിളകളുടെ ശോഷണത്തിനും ദാരിദ്ര്യവും പട്ടിണി മരണവും കൂടുവാനും കാരണമാകും.

## പലിശ

പലിശയിൽ അധിഷ്ഠിതമായ സമ്പദ്ക്രമമാണ് നിലവിലുള്ളത്. പലിശ ഒരു സമ്പദ് വ്യവസ്ഥയായി കാണുന്നവരാണ് പലരും. സാധാരണക്കാരും അത്തരം നിലപാടുകളിലേക്ക് എത്തിച്ചേരാൻ ആധുനിക സാഹചര്യം നിർബന്ധിച്ചുകൊണ്ടിരിക്കുന്നു. പലിശയിൽ അധിഷ്ഠിതമായ ക്രമങ്ങൾ ഇല്ലാതായാലും സാമ്പത്തികചലനങ്ങൾ തുടരുക തന്നെ വേണം.

അമേരിക്ക പോലുള്ള രാജ്യങ്ങൾക്ക് പലിശ ഒരു ചൂഷണോപാധികൂടിയാണ്. ദരിദ്ര രാജ്യങ്ങളാണ് മിക്കപ്പോഴും അതിന്റെ ഇരകളാകാറുള്ളത്. അതിനെതിരെയുള്ള നീക്കങ്ങൾ മുതലാളിത്ത രാജ്യങ്ങൾക്ക് രുചിക്കില്ല.

ഖുർആൻ പലിശയെ വളരെ ശക്തിയായി തന്നെ നിരോധിച്ചു. കടം വാങ്ങിയ പണം തിരിച്ചുനല്കുമ്പോൾ കൂടുതൽ നല്കുകയെന്നതാണ് പലിശയുടെ വ്യവസ്ഥ. ഇത് സമൂഹത്തിന്റെ സാമ്പത്തിക സംതുലിതത്വം നശിപ്പിക്കുമെന്നു മാത്രമല്ല, ദരിദ്രന്റെ മൗലികാവകാശനിഷേധവും ചൂഷണവും പീഡനവും കൂടി അവിടെ സംഭവിക്കുന്നു എന്നതാണ് അതിന് പ്രധാന കാരണം. വ്യവസ്ഥ വെക്കുന്ന കൂടുതൽ സംഖ്യ കടബാധിതന് കൂടുതൽ ബാധ്യതയും പ്രയാസവും വരുത്തിവെക്കുമെന്നത് പലിശയിലെ വളരെ പ്രകടമായി മനസ്സിലാക്കാവുന്ന ദോഷങ്ങളാണ്. എന്നാൽ വ്യാപാരത്തിലേർപ്പെടുന്നത് തികച്ചും അനുവദനീയമാണ്. അതിലൂടെ ലാഭം നേടുന്നത് പലിശയുടെ രീതിയിലൂടെയല്ല, അത് അധ്വാനത്തിലൂടെയാണ്. പലിശയുടെ ലാഭം നേടുന്നതിൽ അധ്വാനം തീരെയില്ല. ഈ രീതി ഖുർആൻ അനുവദിക്കുന്നില്ല. അതിനാലാണ് പലിശ വാങ്ങുന്നവനെയും കൊടുക്കുന്നവനെയും സാക്ഷികളെയും അത് രേഖപ്പെടുത്തുന്നവരെയും പ്രവാചകൻ(സ) ശപിച്ചത്. അത് ഒരു സമ്പാദ്യമാർഗമായി കാണരുത്. പകരം പണം വ്യാപാരത്തിൽ ഇറക്കുകയോ മറ്റുള്ളവരുമായി സഹകരിച്ച് വ്യവസായം തുടങ്ങുകയോ അത്തരം സംരംഭകരെ സഹായിക്കുകയോ ചെയ്തുകൊണ്ടാകാം സമ്പാദിക്കേണ്ടത്.

വ്യാപാരത്തിൽ ലാഭം ലഭിച്ചാൽ ആ ലാഭത്തിൽനിന്ന് വിഹിതം നല്കണം. അതാണ് ഖുർആൻ പ്രോത്സാഹിപ്പിക്കുന്ന രീതി. ഇത് മുതലാളിത്ത വ്യവസ്ഥയിൽനിന്ന് തികച്ചും ഭിന്നമാണ്. അത് മുതലുടമയുടെ പക്ഷത്തുനിന്നുകൊണ്ടാണ് എപ്പോഴും ചിന്തിക്കുന്നത്. പണം നല്കി സഹായിക്കുന്ന ധനോടമയെ അത് പരിഗണിക്കുന്നില്ല. അതിന്റെ സൂത്രം എപ്പോഴും ഇങ്ങനെയാണ്: ഭൗതിക സുഖലോലുപത + സ്വാർഥം = ചൂഷണം.

അതെയവസരം പലിശയോടുള്ള ഖുർആന്റെ കർക്കശനിലപാട് തെറ്റിധരിപ്പിക്കാനും ശ്രമങ്ങളുണ്ട്. സാമൂഹികപ്രധാനങ്ങളായ പല വ്യവസായങ്ങളും പദ്ധതികളും ആവിഷ്കരിക്കാനും വിജയകരമായി മുന്നോട്ടുകൊണ്ടുപോകാനും മുതലാളിത്ത രാജ്യങ്ങൾക്ക് സാധിച്ചത് പലിശയുമായുള്ള സഹകരണമാണെന്നും അതാണ് ഭീമമായ മുതൽമുടക്ക് ആവശ്യമായ പദ്ധതികൾ പോലും തുടങ്ങാൻ തങ്ങൾക്ക് ധൈര്യമേകുന്ന

തെന്നും വാശിപിടിക്കുന്ന അതേ സ്വരത്തിൽതന്നെ പലിശയോടുള്ള അന്ധമായ വിരോധമാണ് മുസ്‌ലിംരാജ്യങ്ങളുടെ വ്യാവസായികപരാജയത്തിന് കാരണമെന്നും ആരോപിക്കാറുണ്ട്. പലിശമുക്തമായ പദ്ധതികളുടെയും വ്യവസായങ്ങളുടെയും സാങ്കേതിക വിദ്യകളുടെയും വളർച്ചക്ക് ഇസ്‌ലാം ഏതെല്ലാം രീതികൾ സമർപ്പിക്കുന്നു, അതു മുഖേന അത് ലക്ഷ്യമാക്കുന്നതെന്ത് തുടങ്ങിയ ഇസ്‌ലാമിൻെറ സാമ്പത്തിക ദർശനങ്ങളെ സംബന്ധിച്ച വിവരമില്ലായ്മയാണ് ഈ ആരോപണത്തിന് പ്രചോദനം.

സാമ്പത്തികവികസനത്തിൻെറയും പുരോഗതിയുടെയും അടിസ്ഥാന പ്രചോദനം പലിശയല്ലെന്ന് ഖുർആൻ ഊന്നിപ്പറയുന്നു. ക്രിയാത്മകങ്ങളായ വികസനപ്രവർത്തനങ്ങൾ പലിശയാൽ നടത്തപ്പെടേണ്ടതാണെന്ന കാഴ്ചപ്പാടും അതിനില്ല. പകരം, സഹകരണത്തിലും നീതിയിലും സദാചാരത്തിലും അധിഷ്ഠിതമായ ബദൽസംവിധാനം അത് മുന്നോട്ട് വെക്കുകയാണ് ചെയ്യുന്നത്.

ചുരുക്കത്തിൽ, സാമ്പത്തിക ഇടപാടുകൾ ലോകസമ്പദ്ഘടനയുടെ അനിവാര്യ ഉപാധിയാകുന്നു. ലോകത്തിൻെറ വളർച്ചയും തളർച്ചയും ഒരുപോലെ അതിനെ ആശ്രയിച്ചുനില്ക്കുന്നു. ഈ രംഗത്ത് ഖുർആൻ അതിൻെറ നീതിയുക്തവും ചൂഷണരഹിതവുമായ സാമ്പത്തികദർശനം ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുകയുണ്ടായി. മാനവരാശിയുടെ മുഖ്യപ്രശ്നമായ സാമ്പത്തിക രംഗത്ത് ഇത്രയേറെ നിർദേശങ്ങൾ മുന്നോട്ട് വെച്ച മറ്റൊരു ദർശനവും ഇല്ല.

## ചില പൊതു നിർദ്ദേശങ്ങൾ

നേരത്തെ അനുവദനീയം, നിഷിദ്ധം എന്നീ രണ്ട് കാര്യങ്ങളെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. ഹലാൽ, ഹറാം എന്ന് സാങ്കേതികമായി അവയെ പറയാം. വിശ്വാസകാര്യങ്ങളുമായും നിത്യജീവിതവ്യവഹാരങ്ങളുമായി അവ ബന്ധപ്പെട്ടിരിക്കുന്നു. അതായത്, ഖുർആനിക ജീവിതവ്യവസ്ഥയുടെ നിയമവശങ്ങൾ അവയെ നിയന്ത്രിക്കുന്നതിൽ ഏറെ പ്രതിജ്ഞാബദ്ധമാണ്. മനുഷ്യനും അവൻെറ സ്രഷ്ടാവും തമ്മിലുള്ള എല്ലാ ബന്ധങ്ങളെയും ചിട്ടപ്പെടുത്തി നിയന്ത്രിക്കുകയാണ് അത് ചെയ്യുന്നത്. ഖുർആനും പ്രവാചകൻ മുഹമ്മദ്(സ)ൻെറ ജീവിതചര്യകളുമാണ് ഈ നിയമവശങ്ങൾക്ക് അടിസ്ഥാനമായി വർത്തിക്കുന്നത്.

ജീവിതത്തിൻെറ എല്ലാ മേഖലകളെയും അത് നിയന്ത്രിക്കുന്നതുപോലെ സാമ്പത്തിക രംഗവും അതിൻെറ ശക്തമായ നിയന്ത്രണത്തിന് വിധേയമാണ്. ധനം കൈകാര്യം ചെയ്യുന്ന അവസരങ്ങളിൽ അവയ്ക്ക് ചില നിബന്ധനകൾ അത് ചുമത്തുകയുണ്ടായി. അവയിൽ പ്രധാനം ഇവയാണ്:

1. നിഷിദ്ധങ്ങളായ എല്ലാ സ്രോതസ്സുകളിൽനിന്നും അത് മുക്തമായിരിക്കണം.
2. ധനാർജനം വിശ്വാസത്തിൻെറ ഭാഗമായി കാണുകയും സ്വന്തത്തിനെന്ന പോലെ സമൂഹത്തിനും അതിൻെറ അവകാശം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക. അതിനനുസൃതമായി കഴിവിനൊത്ത് അതിനെ വളർത്തിക്കൊണ്ടുവരാൻ എല്ലാ മർഗങ്ങളും ഉപയോഗപ്പെടുത്തുക.
3. നിഷിദ്ധങ്ങളിൽനിന്നും അവകാശനിഷേധങ്ങളിൽനിന്നും അതിനെ സംരക്ഷിച്ചു പരിപാലിക്കുക.
4. ധൂർത്തും ആഡംബരവും ഉപേക്ഷിച്ച് ധനം ക്രിയാത്മകമായി ഉപയോഗിക്കുക. മിതവ്യയം പാലിക്കുക.
5. മറ്റുള്ളവരുടെ ഉടമസ്ഥാവകാശം നിഷേധിക്കാതിരിക്കുക, മറ്റുള്ളവർക്ക് അവകാശപ്പെട്ടത് ഉടമപ്പെടുത്താതിരിക്കുക. മറ്റുള്ളവർക്ക് അവകാശപ്പെട്ടത് തൻെറ പക്കലുണ്ടെങ്കിൽ അത് തിരിച്ച് നല്കുക.
6. സകാത്ത് നിർബന്ധമായും ശരിയായ കണക്ക് പ്രകാരം കൊടുത്തുതീർക്കുക.
7. ഷയർ അടിസ്ഥാനത്തിൽ വ്യാപാരത്തിൽ ഏർപ്പെട്ടിട്ടുള്ളവർ തങ്ങളുടെ വ്യവഹാരം, മുഴുവൻ അവകാശികളുടെയും സാന്നിധ്യത്തിൽ നടത്തുകയും അവ

കാശം കൃത്യമായി വിതരണം നടത്തുകയും ചെയ്യുക. നഷ്ടത്തിൻെറയും ലാഭത്തിൻെറ സാധ്യതകളെ ഒരുമിച്ച് മുന്നിൽ കാണുകയും അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം.

8. കടം അനുവദിക്കുന്നത് കൃത്യമായി എഴുതിവെച്ചാവുക. അതിൽ ഒരിക്കലും ലാഭമെന്ന ഉപാധി വെക്കരുത്. കാരണം, പണത്തിന് പണം വർധനവിനുള്ള ഉപാധിയല്ല, കേവലം സഹകരണത്തിനുള്ള അടിസ്ഥാനമാകുന്നു.
9. എല്ലാ തകരാറുകളിൽനിന്നും മുക്തമായ ധനമാകണം ധനാർജനത്തിനുള്ള ഉപാധിയായി സ്വീകരിക്കേണ്ടത്.

കച്ചവടം

ധനാർജനത്തിനുള്ള ഒരു മാർഗമാണ് കച്ചവടം. ഖുർആൻ അത് അനുവദിക്കുകയുണ്ടായി. പലിശയിൽനിന്ന് വ്യത്യസ്തമായി അതിൽനിന്ന് ലാഭമെടുക്കുന്നതിൽ തകരാറൊന്നുമില്ല. കാരണം, തൻെറ പണവും അധ്വാനവും യോഗ്യതയും സമയവും ഇടപാടിൽ ഇറക്കിയവൻ തീർച്ചയായും ലാഭത്തിന് അർഹൻ തന്നെയാണ്. അയാളെ സംബന്ധിച്ചിടത്തോളം ലാഭം എന്ന ഒരു വിഷയം മാത്രമല്ല അയാൾക്കുള്ളത് നഷ്ടമെന്ന ഭീഷണിയും അയാൾ തന്നെ വഹിക്കേണ്ടതുണ്ട്. ചില കാര്യങ്ങൾ നാം മനസ്സിലാക്കുക.

1. കച്ചവടത്തിൽ വില്ക്കുന്നവനും വാങ്ങുന്നവനുമിടയിൽ ലാഭത്തിൻെറ കൈമാറ്റത്തിൽ തുല്യ നിലപാടാണുള്ളത്. കാരണം, വാങ്ങുന്നവൻ വാങ്ങിയ സാധനത്തിൽനിന്ന് ഫലമെടുക്കുന്നു. വ്യാപാരിയാകട്ടെ, പേർ സൂചിപ്പിക്കുന്നതു പോലെ അത് വാങ്ങിയ ആൾക്ക് എത്തിച്ചുകൊടുക്കുന്നതിൽ അധ്വാനം, സമയം, ബുദ്ധിസാമർഥ്യം എന്നിവ അതിൽ വിനിയോഗിച്ചിരിക്കുന്നു. അവയുടെ പ്രതിഫലമാണ് അയാൾ വാങ്ങുന്നത്. എന്നാൽ അമിതമായ കൊള്ളലാഭവും പൂഴ്ത്തിവെപ്പും അനുവദനീയമല്ല.
2. കച്ചവടക്കാരൻ തൻെറ സാധനങ്ങൾ വാങ്ങുന്നവനിൽനിന്ന് ഒരിക്കൽ മാത്രമാണ് തൻെറ അധ്വാനത്തിനുള്ള ഫലം വാങ്ങുന്നത്. അതിന് നിശ്ചിത സമയവും പരിധിയും പരിമാണവുമുണ്ട്. അതിനപ്പുറം വിട്ടുകടക്കാൻ കച്ചവടക്കാരന് അനുവാദമില്ല, സാധ്യവുമല്ല.
3. കാരണം, ഒരു സാധനം കച്ചവടം ചെയ്യപ്പെടുന്നതോടെ ആ ഇടപാട് തീർന്നു. ഇടപാട് കടമായാലും റൊക്കമായാലും അതിലൂടെ അയാൾക്ക് ലഭിക്കുന്നത് നിശ്ചിത വിഹിതം മാത്രമാകുന്നു. അതാകട്ടെ, മാർക്കറ്റ് അനുസരിച്ച് നിശ്ചയിക്കപ്പെട്ടതുമാണ്.

ഇക്കാരണങ്ങളാൽ കച്ചവടത്തെ ധനാർജനത്തിനുള്ള ഒരു മാർഗമായി ദൈവം നിശ്ചയിക്കുകയുണ്ടായി. കച്ചവടം ഒരു ജനതയുടെ നാഗരികതയിലും സംസ്കാരത്തിലും സമൂലം മാറ്റം വരുത്താൻ ശക്തമായ ഉപാധിയാകുന്നു. ദയ, വിട്ടുവീഴ്ച, സഹാനുഭൂതി, സത്യസന്ധത, സമയനിഷ്ഠ, ഗുണകാംക്ഷ, ധർമബോധം എന്നിവ കച്ചവടത്തിൽ അനിവാര്യമായും ഉണ്ടാകേണ്ട സ്വഭാവഗുണങ്ങളാകുന്നു. അതില്ലാതെ വരുമ്പോഴാണ് അമിതലാഭവും പൂഴ്ത്തിവെപ്പും കരിഞ്ചന്തയും തഴച്ചുവളരുക. ഇത് ഖുർആൻ കണിശമായി നിരോധിക്കുകയുണ്ടായി.

ഈ വീക്ഷണത്തിൽ നടത്തപ്പെടുന്ന വ്യാപാരത്തിൽ ജനം വളരെ വേഗം ആകൃഷ്ടരാവുകയും സാമൂഹികമായ വളർച്ചക്ക് ആ കച്ചവടം നിമിത്തമാവുകയും ചെയ്യും. കാരണം, സഹകാരിതയും ഐക്യവുമുള്ള രംഗങ്ങളിലാണ് ജനങ്ങളുടെ മനസ്സുകൾ തുറക്കുകയുള്ളൂ.

അതോടൊപ്പം ഊഹക്കച്ചവടം ഒഴിവാക്കുക തന്നെ വേണം. തൻെറയടുക്കലുള്ള വസ്തുവിലാണ് കച്ചവടം. പൂഴ്ത്തിവെപ്പ്, ചതി എന്നിവ പോലെ കുറ്റകരമാണ് ഊഹക്കച്ചവടവും. മുതലാളിത്തവ്യവസ്ഥ ഇത് അംഗീകരിക്കുന്നുണ്ടെങ്കിലും ഖുർആനിക നിയമശാസ്ത്രം അതിനെ നിരോധിച്ചു. കാരണം, അത് ചൂതാട്ടത്തിൻെറ മറ്റൊരു ഭാഗമാണ്. എന്നാൽ ഷെയർമാർക്കറ്റുകളിലും സ്റ്റോക്ക് എക്സ്ചേഞ്ചുകളിലുമൊക്കെ ഇന്ന് ഈ രീതി അവലംബിക്കപ്പെടുന്നുണ്ട്. ഇവിടെ നടക്കുന്നത് അനാരോഗ്യകരമായ

രീതിയാകുന്നു. ഏത് ബിസിനസിൻെറയും വിജയം ആവശ്യക്കാരനെ ഉണ്ടാക്കിയെടുക്കലാകുന്നു. ആവശ്യക്കാരനെ അടിമപ്പെടുത്തുകയത്രെ അതിൻെറ വിജയതന്ത്രം. ഈ കണക്കിൽ നിക്ഷിപ്ത താല്പര്യക്കാർ വളരെ ഉദ്ദേശ്യപൂർവം നിശ്ചിത മാർക്കറ്റിനെ പറ്റിയോ നിശ്ചിത പ്രൊഡക്ടിനെപ്പറ്റിയോ കിംവദന്തി ഉണ്ടാക്കുന്നു. ഇത് വിപണിയെ ഉണർത്തുകയും ഊഹാധിഷ്ഠിത വാങ്ങലിന് ആവശ്യക്കാനനെ നിർബന്ധിക്കുകയും ചെയ്യുന്നു. അതാകട്ടെ, അനിയന്ത്രിത വിലക്കയറ്റത്തിനും നിമിത്തമാകാറുണ്ട്. രണ്ട് തകരാറുകളാണ് ഇവിടെയുള്ളത്.

ഒന്ന്, ഓഹരികളുടെ മൊത്തം മൂല്യത്തെ ഊഹക്കച്ചവടതരംഗവും മാർക്കറ്റും ദോഷകരമായി ബാധിക്കുന്നു. രണ്ട്, പൊതുജനത്തിന് അത് വമ്പിച്ച നഷ്ടത്തിന് നിമിത്തമാകുന്നു. ഈ രീതിയിലുള്ള സമ്പദ്ഘടനയെയും ആർജനത്തെയും ഖുർആൻ അംഗീകരിക്കുന്നില്ല.

## മൂലധനവിപണി

അതോടൊപ്പം ചേർത്തുപറയേണ്ട ഒരു സംഗതി കൂടിയുണ്ട്. സാമ്പത്തിക വളർച്ചയെ പ്രോത്സാഹിപ്പിക്കുന്ന ഒരു വ്യവസ്ഥ എന്ന നിലക്ക് ഖുർആൻെറ ജീവിതവ്യവസ്ഥ, ധനസമാഹരണത്തെയും നിക്ഷേപത്തെയും വളർത്തുന്ന മൂലധനവിപണിയെ അംഗീകരിക്കുന്നു. ഷെയർസിസ്റ്റമാണ് അതിലൊന്ന്. തുല്യരീതിയിലോ, ഭാഗികമായോ കൂട്ടായി ധനം ഇറക്കിയുള്ള രീതിയാണിത്. ലാഭ-നഷ്ടങ്ങൾ തുല്യആനുപാതത്തിൽ വീതിക്കപ്പെടും എന്നതാണ് ഈ രീതിയുടെ സവിശേഷത. തികച്ചും മൂല്യാത്മകമാകണം ഈ വർത്തകരീതി. അതിനനുസൃതമായി ചില പൊതുനിയമങ്ങൾ ആവിഷ്കരിക്കുന്നത് ഉചിതമായിരിക്കും.

1. പണമിടപാട് നിശ്ചിത സമയനിർണയത്തിൽ അധിഷ്ഠിതമായിരിക്കുക.
2. ഇടപാടിലെ ഒരു വ്യക്തി ചെലവും വരുമാനവും സമയാസമയങ്ങളിൽ പരിശോധിക്കുകയും മറ്റുള്ളവരെ അക്കാര്യം അറിയിക്കുകയും ചെയ്യുക.
3. ഷെയറുകാരിൽ ആരും തൻെറ കൂട്ടുകാരനെക്കാൾ ബിസിനസിൽ അധികാരം പ്രകടിപ്പിക്കാതിരിക്കുക.
4. ദൈനംദിന പ്രവർത്തനങ്ങൾ എല്ലാവരും ശ്രദ്ധിക്കുക.
5. ലാഭനഷ്ടങ്ങൾ തുല്യമായി വീതിക്കുക.
6. ആവശ്യമെങ്കിൽ സ്ഥാപന നടത്തിപ്പിൻെറ എല്ലാ കാര്യങ്ങൾക്കും ഒരു പൊതു നിയമാവലി ഉണ്ടാക്കുകയും അതിന് നിയമസാധുത ഉണ്ടാക്കുകയും ചെയ്യുക.

## പണമിടപാടുകൾ

സാമൂഹികമായ വളർച്ചയുടെ ഒരു ഘടകമാകുന്നു പണമിടപാട്. അതില്ലാത്ത ഒരു സാമൂഹികഘടനയെ കാണാനാകില്ല. ഒരു സമൂഹത്തിൽ “കൊടുക്കലും വാങ്ങലും” പ്രക്രിയ ഇല്ലെങ്കിൽ പണം ക്രയവിക്രയം ചെയ്യപ്പെടാതെയാകും. പരസ്പര സഹായം എന്ന മാനുഷികമൂല്യം സാധിക്കുന്നതും ഈ രീതിയിലൂടെയാകുന്നു. ഒരിക്കലും അത് നിഷേധിക്കാൻ മനുഷ്യർക്ക് അവകാശമില്ല, ആശങ്കയുള്ള ഘട്ടങ്ങളിലല്ലാതെ. തിരിച്ചുകിട്ടുകയില്ല, ദുരുപയോഗം ചെയ്യും എന്നിവ തീർച്ചയായും ആശങ്കയുളവാക്കുന്ന വിഷയങ്ങളാണ്. കടപിടപാട് വ്യക്തി തൻെറ താല്ക്കാലിക ആവശ്യം പൂർത്തീകരിക്കുന്നതിനാകാം, വ്യാപാരത്തിൽ ഏർപ്പെടുന്നതിനുമാകാം വാങ്ങുന്നത്. എന്നാൽ ഈ ഇടപാടുകൾ വ്യക്തമായും സാക്ഷികൾ മുഖേന, ലിഖിതസഹായത്തോടെയാകണമെന്ന് ഖുർആൻ അനുശാസിക്കുന്നു. ഖുർആനിലെ ഏറ്റവും ദൈർഘ്യമേറിയ വചനം (അധ്യായം 2: 282,283) ഈ വിഷയത്തെയാണ് പ്രതിപാദിക്കുന്നത്.

## നിർദ്ദേശങ്ങൾ

1. പണമിടപാട് ജാമ്യങ്ങളുടെ അടിസ്ഥാനത്തിലാവുക. ജാമ്യമായി തരുന്ന സാധനങ്ങൾ മൂല്യമുള്ളതും നിയമസാധുതയുമുള്ളതാവുക.
2. ഇടപാടുകാരൻെറ സത്യസന്ധതയും പരിചയവും സാമ്പത്തികശേഷിയും പരിഗണിക്കണം.
3. ഇടനിലക്കാർ പരസ്പരം അറിയുന്നവരാവകണം.
4. കടം കൊടുക്കുന്നത് ആവശ്യങ്ങൾ പരിഗണിച്ചാവുക. നിഷിദ്ധമായ ആവശ്യങ്ങൾക്ക് ഒരിക്കലും പണം നല്കി സഹായിക്കരുത്.
5. വലിയ സംഖ്യകൾ കടമായി നല്കുമ്പോൾ ആവശ്യമായ രീതിയിൽ ഇടപാടുകാരൻെറ ആളുകളുമായി അന്വേഷണം നടത്തുക.
6. സമയക്ലിപ്തത കൃത്യമായി പാലിക്കുക.
7. ജാമ്യമായി തരുന്ന സാധനം ഒരിക്കലും ഉപയോഗിക്കാതിരിക്കുക. സമയം തീർന്നാൽ സാക്ഷികൾ മുഖേന ഇടപാടുകാരനെ വിവരം അറിയിക്കുക.
8. കടത്തിൻെറ പേരിൽ ഒരിക്കലും ഇടപാടുകാരനെ ബുദ്ധിമുട്ടിക്കാതിരിക്കുക. അയാളോട് കഴിവതും മാന്യമായും വിട്ടുവീഴ്ചയോടും പെരുമാറുക.

## ഇൻഷൂറൻസ്

ആധുനികജീവിതത്തിൽ നാം അറിയാതെയോ അറിഞ്ഞോ ഏർപ്പെടുന്ന മേഖലയാണ് ഇൻഷൂറൻസ്. ഖുർആൻെറ ദൃഷ്ടിയിൽ അത് അനുവദനീയമാണോ അല്ലേ? ഏത് ഇനം ഇൻഷൂറൻസാണ് നിഷിദ്ധമായിട്ടുള്ളത്? തുടങ്ങിയ ഒട്ടേറെ വിഷയങ്ങൾ ഇന്ന് നിലവിലുണ്ട്, പഠനം തുടരുന്ന മേഖലയാണ്.

ഇൻഷൂറൻസിൽ പലതും പൊതുസ്വഭാവമുള്ളതും നിർബന്ധവുമാണ്. സുരക്ഷയുടെ ഭാഗമായി വരുന്നവയാണ് അവ. ഇൻഷൂറൻസില്ലാതെ വാഹനം ഓടിക്കാനോ വാങ്ങാനോ അതിന് ലൈസൻസ് എടുക്കാനോ സാധ്യമല്ലാത്ത ഒരു സാഹചര്യത്തിൽ അത്തരം ഇൻഷൂറൻസ് അംഗീകരിക്കേണ്ടിവരും. വിലപിടിപ്പുള്ള സാധനങ്ങൾ ദൂരദേശങ്ങളിലേക്ക് കയറ്റി അയക്കുമ്പോൾ അതിന് ഇൻഷൂറൻസ് നിർബന്ധമാകും. അത് അംഗീകരിക്കാൻ നാം നിർബന്ധിതരാണ്. വലിയ വ്യവസായശാലകൾ തുടങ്ങുമ്പോൾ അതിനും അതിൻെറ മേഖലയിൽനിന്നുള്ള ഇൻഷൂറൻസുകളുണ്ട്. എന്നുപറഞ്ഞാൽ ജീവിതത്തിൻെറ പല മേഖലകളിലും ഇന്ന് ഇൻഷൂറൻസ് അനിവാര്യമായി മാറിയിരിക്കുന്നു. കാരണം, ഇവയ്ക്കൊക്കെ സംഭവിക്കുന്ന നഷ്ടം ആര് നികത്തും എന്നതാണ് കാതലായ വിഷയം?

ഇതിന് ഒരു മറുവശം കാണാതിരുന്നുകൂടാ. അനിവാര്യതയാണ് പല അനഭിലഷണീയതകളെയും അംഗീകരിക്കാനുള്ള ഉപാധി. ഈ വീക്ഷണത്തിൽ ലൈഫ്ഇൻഷൂറൻസിൻെറ കാര്യത്തിൽ പല പണ്ഡിതരും വ്യത്യസ്ത വീക്ഷണം പുലർത്തുന്നവരാണ്.

ലൈഫ്ഇൻഷൂറൻസിനെ പ്രധാനമായും രണ്ട് തരമായി കാണാം. ഒന്ന്, വ്യക്തി എടുക്കുന്ന പ്രത്യേക പോളിസി. നിശ്ചിത സംഖ്യ അടച്ചാൽ അയാൾക്ക് രോഗാവസ്ഥയിലോ മരണവേളയിലോ ലഭിക്കുന്നതാണ് ഈ രീതി. പലിശയിൽനിന്ന് ഇതിനെ മാറ്റിനിർത്തി ചിന്തിക്കാനാകില്ല. അതിനാൽ തന്നെ ഈ ഇനം ഇൻഷൂറൻസിനെ അഭിലഷണീയമായി കാണാനാകില്ല.

അപകടകരമായ ജോലികളിൽ ഏർപ്പെടുന്ന വ്യക്തിക്ക് അതത് ജോലിയുടമ ഏർപ്പെടുത്തിക്കൊടുക്കുന്നതാണ് രണ്ടാമത്തെ ഇനം. ഇത് നേരത്തെ സൂചിപ്പിച്ചതുപോലെ കമ്പനി നിയമങ്ങളുടെ ഭാഗമായി വരുന്ന അനിവാര്യതയാണ്. ഇത് ഒഴിവാക്കിനിർത്താനാകില്ല.

പലപ്പോഴും കാലഘട്ടവും സാഹചര്യവും ഇൻഷൂറൻസിനെ സ്വാധീനിക്കുന്ന ഘടകങ്ങളാകുന്നു. മനുഷ്യബന്ധങ്ങൾ സങ്കീർണവും രാജ്യനിയമം മാറിവരുന്നതുമായ അവസ്ഥയാണിന്നുള്ളത്. അതിനാൽ തന്നെ നിയമവിശാരദർ അനുവദനീയ ഇൻഷൂറൻസ്, നിഷിദ്ധ ഇൻഷൂറൻസ് എന്നിങ്ങനെ ഇൻഷൂറൻസിനെ വർഗീകരിക്കുകയുണ്ടായി.

## ഇൻഷൂറൻസിൻെറ ലക്ഷ്യം

ഇൻഷൂറൻസിൻെറ ലക്ഷ്യം ദുരന്തബാധിതരെ സഹായിക്കുകയെന്നതാണ്. അവരെ പൂർവസ്ഥിതിയിലെത്താനുള്ള ശ്രമത്തിൽ അവർക്ക് സഹായം നല്കുകയത്രെ അതിൻെറ കർത്തവ്യം. അതൊരിക്കലും ദുരുപയോഗം ചെയ്യാനുള്ളതല്ല. അതിൻെറ മറവിൽ അനഭിലഷണീയ ഇൻഷൂറൻസുകൾ സാധുവാക്കുകയുമരുത്.

ഇൻഷൂറൻസിലൂടെ ലഭിക്കുന്ന പ്രീമിയങ്ങൾ പലിശമുക്തമായിരിക്കണം. ലഭിക്കുന്ന പലിശ ഉപയോഗിക്കാതിരിക്കുകയെന്നതാണ് അതിൻെറ രീതികളിൽ ഒന്ന്. അതെയവസരം പലിശമുക്തമായ ഇൻഷൂറൻസ് സംരംഭങ്ങൾ ഇന്ന് സുലഭമായി വരുന്നുണ്ട്.